പഠനം

# മഖാസ്വിദുശ്ശരീഅയും നവോത്ഥാനവും ഇമാം ശാത്വിബിയുടെ മുമ്പും ശേഷവും

സൈനുൽ ആബിദീൻ ദാരിമി

**എന്താണ് മഖാസ്വിദുശ്ശരീഅഃ?**

'ശരീഅത്തിന്റെ പൊതുലക്ഷ്യങ്ങൾ' എന്നാണ് മഖാസ്വിദുശ്ശരീഅ എന്നതിന്റെ അർഥം. അതായത് ശരീഅത്തിന്റെ ഓരോ നിയമത്തിനും അതിന്റേതായ ഫലങ്ങളുണ്ട്. ശരീഅത്തിന്റെ മൊത്തം നിയമങ്ങൾ എടുത്തു പരിശോധിച്ചാൽ അവയെല്ലാം രണ്ട് പ്രധാന അടിസ്ഥാനതത്വങ്ങളിലേക്ക് ചുരുങ്ങി വരുന്നത് കാണാൻ കഴിയും. മനുഷ്യർക്ക് നന്മ ലഭ്യമാക്കുക, തിന്മ തടയുക എന്നതാണവ. വിശ്വാസം, ആരാധന, സദാചാരം, ഇടപാടുകൾ എന്നീ മേഖലകളുമായി ബന്ധപ്പെട്ട നിയമങ്ങൾക്കെല്ലാം ലക്ഷ്യങ്ങളും ഫലങ്ങളുമുണ്ട്. ഇതിൽ വിശ്വാസം, ആരാധന, സദാചാരം എന്നീ മേഖലകളിലുള്ള നിയമങ്ങൾക്ക് പൊതുവായ ലക്ഷ്യങ്ങളാണുള്ളത്. ഈ മേഖലകളിൽ ലക്ഷ്യങ്ങളും സാഹചര്യങ്ങളും മാറുന്നതിനനുസരിച്ച് നിയമങ്ങൾ മാറുന്നതല്ല. ഉദാഹരണമായി, ലോകാരംഭം മുതൽ ലോകാവസാനം വരെ ഏകദൈവ വിശ്വാസം അതേ ഗൗരവത്തിലും തീവ്രതയിലും പരിഗണിക്കപ്പെടണം. എന്നാൽ ഇടപാടുകളുമായി ബന്ധപ്പെട്ട മേഖലകളിൽ ലക്ഷ്യങ്ങളും സാഹചര്യങ്ങളും മാറുന്നതിനനുസരിച്ച് നിയമങ്ങൾ മാറുന്നതാണ്. ഈ മേഖലയിൽ അടിസ്ഥാന തത്വങ്ങൾ മാത്രമേ ശരീഅത്ത് അവതരിപ്പിച്ചിട്ടുള്ളൂ. ഈ തത്വങ്ങൾക്ക് വിരുദ്ധമാകാത്ത വിധത്തിൽ കാലത്തിന്റെ മാറ്റത്തിനനുസരിച്ച് പുതിയ നിയമങ്ങൾ ആവിഷ്കരിക്കാൻ അനുവാദമുണ്ട്. ഇവിടെ ശരീഅത്തിന്റെ പൊതുലക്ഷ്യങ്ങൾക്ക് അനുയോജ്യമായ രീതിയിൽ ഗവേഷണം നടക്കണം.

ശരീഅത്തിന്റെ ലക്ഷ്യങ്ങളെ ഒന്നുകൂടി വിശദീകരിച്ചാൽ അത് ഇപ്രകാരം വർഗീകരിക്കാൻ കഴിയും: ഇസ്‌ലാമിന്റെയും തലമുറകളുടെയും ശരീരത്തിന്റെയും ബുദ്ധിയുടെയും സമ്പത്തിന്റെയും സംരക്ഷണം. ശരീഅത്തിന്റെ മൊത്തം നിയമങ്ങൾ എടുത്തു പരിശോധിച്ചാൽ അവ ഈ കാര്യങ്ങളുടെ സംരക്ഷണത്തിനുള്ളതാണെന്ന് മനസ്സിലാക്കാൻ കഴിയും. ഇതാണ് ശരീഅത്തിന്റെ അടിസ്ഥാന ലക്ഷ്യങ്ങൾ.

**മഖാസ്വിദിയായ ഗവേഷണത്തിൽ ഏറ്റവും പ്രധാനപ്പെട്ട ചലനങ്ങളെല്ലാം ഇമാം ശാത്വിബിയുടെ വരവോടെയാണ് സംഭവിക്കുന്നത്. ഇമാം ശാഫിഈ(റ) രിസാലയിൽ അവതരിപ്പിച്ച നിദാനശാസ്ത്രത്തിന്റെ (اصول الفقه) രീതിശാസ്ത്രത്തെ ആഴത്തിലുള്ള നിരൂപണാത്മകമായ പുനർവായനക്ക് വിധേയമാക്കണമെന്ന് ശാത്വിബി മനസ്സിലാക്കി. അതോടുകൂടി പ്രമാണങ്ങളിൽ(نصوص)നിന്ന് വിധികൾ നിർധാരണം ചെയ്തെടുക്കുന്ന ഘട്ടത്തിൽനിന്ന് ഉസ്വൂലുൽ ഫിഖ്ഹ് വിധികളിൽനിന്ന് ലക്ഷ്യങ്ങളും യുക്തികളും നിർധാരണം ചെയ്തെടുക്കുന്ന ഘട്ടത്തിലേക്ക് പ്രവേശിച്ചു.**



ഈ ലക്ഷ്യങ്ങളെ പരിഗണിച്ചുകൊണ്ടുള്ള നിയമനിർമാണത്തിലൂടെയാണ് കാലത്തിനനുസരിച്ച് സഞ്ചരിക്കാൻ ശരീഅത്ത് പ്രാപ്തി നേടുന്നത്. ഇസ്‌ലാമിക സമൂഹത്തിൽ കാലാകാലങ്ങളിൽ നവോത്ഥാനം സാധ്യമാക്കിയതിൽ അതുകൊണ്ടുതന്നെ മഖാസ്വിദ്ദുശ്ശരീഅക്ക് വലിയ പങ്കുണ്ട്. അക്കാര്യമാണ് ഈ പഠനത്തിൽ വ്യക്തമാക്കാൻ ഉദ്ദേശിക്കുന്നത്.

**മഖാസ്വിദുശ്ശരീഅയും നവോത്ഥാനവും ഇമാം ശാത്വിബിയുടെ മുമ്പും ശേഷവും**

ഇസ്‌ലാമിക സമൂഹത്തിന്റെ വ്യത്യസ്ത മേഖലകളിലെ ഇതുവരെയുള്ള നവോത്ഥാന സംരംഭങ്ങളിൽ മഖാസ്വിദുശ്ശരീഅയുടെ ശക്തമായ സ്വാധീനം കണാൻ കാഴിയും. മുസ്‌ലിം ധിഷണയെ നേരായ മാർഗത്തിലൂടെ വഴി നടത്തുന്നതിലും ചിന്തകളെ പ്രായോഗിക ലോകവുമായി കണ്ണിചേർക്കുന്നതിലുമുള്ള അതിന്റെ സ്വാധീനം വളരെ വലുതാണ്. ഇസ്‌ലാമിക ചിന്താ ചരിത്രത്തിൽ ധാരാളം പണ്ഡിതന്മാർ ശരീഅത്തിന്റെ പൊതുലക്ഷ്യങ്ങളെ ജീവിത യാഥാർഥ്യങ്ങളുമായി ബന്ധിപ്പിക്കുന്നതിലും അതിലൂടെ നവോത്ഥാനം സാക്ഷാൽക്കരിക്കുന്നതിലും കനപ്പെട്ട സംഭാവനകൾ അർപ്പിച്ചിട്ടുണ്ട്. മഖാസ്വിദിന്റെ ഈ ചരിത്രത്തെ രണ്ട് ഘട്ടങ്ങളായി തിരിക്കാം:

അബൂഇസ്ഹാഖ് അശ്ശാത്വിബിക്ക്(മരണം ഹി: 790) മുമ്പുള്ള കാലം. കർമശാസ്ത്രപരവും നിദാനശാസ്ത്ര(اصول الفقه)പരവും ആദർശ(عقائد)പരവും പരിഷ്കരണ(اصلاح)പരവുമായ പാഠശാലകളോട് മഖാസ്വിദിന്റെ ഗവേഷണങ്ങളെ ബന്ധപ്പെടുത്തിയ കാലഘട്ടമായിരുന്നു അത്. ഈ കാലഘട്ടങ്ങളിൽ പ്രസ്തുത മേഖലകളിലാണ് മഖാസ്വിദുശ്ശരീഅ പ്രയോഗവൽക്കരിക്കപ്പെട്ടത്.

ശാത്വിബിയുടെ കാലം മുതൽ ആധുനിക മഖാസ്വിദീ പാഠശാല വരെ എത്തിനിൽക്കുന്ന കാലഘട്ടം. ഇക്കാലത്താണ് നവോത്ഥാനപരമായ മഖാസ്വിദീ വീക്ഷണം തിടംവെച്ച് തുടങ്ങിയതും കാലത്തിന്റെ പുതിയ പ്രവണതകളെ മഖാസ്വിദിന്റെ വീക്ഷണകോണിലൂടെ കൈകാര്യം ചെയ്യപ്പെട്ടുതുടങ്ങിയതും.

ഇതിൽ ആദ്യ ഘട്ടമാണ് മഖാസ്വിദീ ചിന്തകളുടെ പ്രാഥമിക ഘട്ടം. മഖാസ്വിദിയായ ഗവേഷണത്തിൽ ഏറ്റവും പ്രധാനപ്പെട്ട ചലനങ്ങളെല്ലാം ഇമാം ശാത്വിബിയുടെ വരവോടെയാണ് സംഭവിക്കുന്നത്. ഇമാം ശാഫിഈ(റ) *രിസാല*യിൽ അവതരിപ്പിച്ച നിദാനശാസ്ത്രത്തിന്റെ (اصول الفقه) രീതിശാസ്ത്രത്തെ ആഴത്തിലുള്ള നിരൂപണാത്മകമായ പുനർവായനക്ക് വിധേയമാക്കണമെന്ന് ശാത്വിബി മനസ്സിലാക്കി. അതോടുകൂടി പ്രമാണങ്ങളിൽ(نصوص)നിന്ന് വിധികൾ നിർധാരണം ചെയ്തെടുക്കുന്ന ഘട്ടത്തിൽനിന്ന് ഉസ്വൂലുൽ ഫിഖ്ഹ് വിധികളിൽനിന്ന് ലക്ഷ്യങ്ങളും യുക്തികളും നിർധാരണം ചെയ്തെടുക്കുന്ന ഘട്ടത്തിലേക്ക് പ്രവേശിച്ചു.[1]

**കർമപരമായ മഖാസ്വിദീ ഗവേഷണങ്ങൾ**

മഖാസ്വിദുശ്ശരീഅയെ കർമശാസ്ത്ര മേഖലയിൽ പ്രയോഗവൽക്കരിക്കാനുള്ള ധാരാളം ശ്രമങ്ങൾ പല ഇമാമുകളും പണ്ഡിതന്മാരും നടത്തുകയുണ്ടായി. അതിൽ ഏറ്റവും മുന്നിൽ നിൽക്കുന്നത് മാലികീ മദ്ഹബിന്റെ ധാരയിലെ ഇമാമുകളും പണ്ഡിതന്മാരുമാണ്. ഇമാം മാലിക്(റ) ആണ് ഇസ്‌ലാമിക ശരീഅത്തിനെ, അതിന്റെ സവിശേഷമായ ലക്ഷ്യങ്ങളിലൂടെ (مقاصد) നോക്കിക്കാണാൻ ശ്രമിച്ചത്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ കർമശാസ്ത്രം മഖാസ്വിദീ മയമുള്ളതായി കാണാൻ കഴിയും. അതിലെല്ലാം ശരീഅത്തിന്റെ ലക്ഷ്യങ്ങളും രഹസ്യങ്ങളും വായിച്ചെടുക്കാൻ കഴിയും.

മാലികീ മദ്ഹബിൽ, ആരാധനയുടെയും ഇടപാടുകളുടെയും കർമശാസ്ത്രത്തിൽ മഖാസിദിന്റെ സമഗ്രതയുണ്ട്.[2]

**ഇമാം മാലിക്(റ) ആണ് ഇസ്‌ലാമിക ശരീഅത്തിനെ, അതിന്റെ സവിശേഷമായ ലക്ഷ്യങ്ങളിലൂടെ (مقاصد) നോക്കിക്കാണാൻ ശ്രമിച്ചത്. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ കർമശാസ്ത്രം മഖാസ്വിദീ മയമുള്ളതായി കാണാൻ കഴിയും. അതിലെല്ലാം ശരീഅത്തിന്റെ ലക്ഷ്യങ്ങളും രഹസ്യങ്ങളും വായിച്ചെടുക്കാൻ കഴിയും.**

ലോകാരംഭം മുതൽ ലോകാവസാനം വരെ ഏകദൈവ വിശ്വാസം അതേ ഗൗരവത്തിലും തീവ്രതയിലും പരിഗണിക്കപ്പെടണം. എന്നാൽ ഇടപാടുകളുമായി ബന്ധപ്പെട്ട മേഖലകളിൽ ലക്ഷ്യങ്ങളും സാഹചര്യങ്ങളും മാറുന്നതിനനുസരിച്ച് നിയമങ്ങൾ മാറുന്നതാണ്. ഈ മേഖലയിൽ അടിസ്ഥാന തത്വങ്ങൾ മാത്രമേ ശരീഅത്ത് അവതരിപ്പിച്ചിട്ടുള്ളൂ. ഈ തത്വങ്ങൾക്ക് വിരുദ്ധമാകാത്ത വിധത്തിൽ കാലത്തിന്റെ മാറ്റത്തിനനുസരിച്ച് പുതിയ നിയമങ്ങൾ ആവിഷ്കരിക്കാൻ അനുവാദമുണ്ട്.

അതുപോലെ തെറ്റിലേക്കുള്ള വഴി അടക്കുക (سد الذريعة) എന്ന അടിസ്ഥാനത്തെ മാലികീ മദ്ഹബ് ഏറെ വികസിപ്പിക്കുകയും കർമശാസ്ത്ര മേഖലയിൽ പ്രയോഗവൽക്കരിക്കുകയും ചെയ്തു. ഇതിലൂടെ മഖാസ്വിദുശ്ശരീഅ കർമശാസ്ത്രത്തിൽ സജീവമായി.[3]

### നിദാനശാസ്ത്രപരമായ മഖാസ്വിദീ ഗവേഷണങ്ങൾ

ഇസ്‌ലാമിക ചിന്ത വികസിപ്പിച്ചെടുത്ത ഏറ്റവും പ്രധാന വിജ്ഞാനശാഖയായാണ് ഉസ്വൂലുൽ ഫിഖ്ഹ് (നിദാനശാസ്ത്രം) പരിഗണിക്കപ്പെടുന്നത്. ഇത് ഇസ്‌ലാമിക വിധികളുടെ നിർധാരണത്തിനും വൈജ്ഞാനിക വിസ്ഫോടനത്തിനും കാരണമായി. ഈ മേഖലയിലെ അതിശക്തനായ വക്താവായി ഇമാം ജുവൈനിയാണ് പരിഗണിക്കപ്പെടുന്നത്. തന്റെ 'ബുർഹാൻ' എന്ന ഗ്രന്ഥത്തിൽ ഉസ്വൂലുൽ ഫിഖ്ഹിനെ മഖാസ്വിദുമായി ബന്ധപ്പെടുത്തി അദ്ദേഹം അവതരിപ്പിച്ചു. ശരീഅത്തിന്റെ പൊതുലക്ഷ്യങ്ങളെ അതിൽ അദ്ദേഹം മൂന്നായി തരംതിരിച്ചു. ദറൂറിയാത്ത് (അനിവാര്യതകൾ), ഹാജിയാത്ത് (ആവശ്യകാര്യങ്ങൾ), തഹ്സീനിയാത്ത് (ഭംഗി വരുത്തുന്ന കാര്യങ്ങൾ). അതിൽ ദറൂറിയാത്തിനെ അഞ്ചായി ഇനംതിരിച്ചു. ദീനിന്റെയും ശരീരത്തിന്റെയും ബുദ്ധിയുടെയും അഭിമാനത്തിന്റെയും സമ്പത്തിന്റെയും സംരക്ഷണം.[4]

ഉസ്വൂലുൽ ഫിഖ്ഹിൽ ആദ്യത്തെ സമാഹാരം ഇമാം ശാഫിഈയുടെ 'രിസാല'യാണ്. അതിനുശേഷം ശാഫിഈ ധാരയിൽ അനവധി ഉസ്വൂലിന്റെ ഗ്രന്ഥങ്ങൾ പിറവിയെടുത്തു. അതിൽ ഇമാം ജുവൈനിയുടെ പ്രസ്തുത ഗ്രന്ഥം ഏറെ വ്യത്യസ്തമാണ്. അതിന്റെ പിറവിക്ക് ഇമാം ജുവൈനിയുടെ വൈജ്ഞാനികാടിത്തറയുള്ള കുടുംബത്തിനും അദ്ദേഹത്തിന്റെ കാലഘട്ടത്തിൽ നിലനിന്നിരുന്ന വിഭാഗീയതകൾക്കും ചിന്താപരമായ അഭിപ്രായഭിന്നതകൾക്കും അദ്ദേഹം നയിച്ച പ്രവാസ ജീവിതത്തിൽ മന്ത്രിമാരുമായും പണ്ഡിതന്മാരുമായുള്ള സംവാദങ്ങൾക്കും വലിയ പങ്കുണ്ട്. ഇതെല്ലാം ഇസ്‌ലാമിക ശരീഅത്തിനെ പ്രായോഗിക ജീവിത യാഥാർഥ്യങ്ങളുമായി ബന്ധിപ്പിക്കുന്നതിൽ അദ്ദേഹത്തെ ബുദ്ധിപരമായി പ്രാപ്തനാക്കി.[5]

ഇമാം ജുവൈനി ജീവിച്ച അഞ്ചാം നൂറ്റാണ്ട്, കർമശാസ്ത്രധാരകൾ പരിപക്വത നേടുകയും ക്രോഡീകരണത്തിലും കൈമാറ്റത്തിലും സമഗ്രതയാർജിക്കുകയും ചെയ്ത കാലമായിരുന്നു. ഇമാം ജുവൈനി പൂർവകാല വിജ്ഞാനങ്ങളെ മൂല്യനിർണയത്തിന് വിധേയമാക്കുകയും കർമശാസ്ത്ര-നിദാനശാസ്ത്ര മേഖലകളിൽ പുതിയ ആവിഷ്കാരങ്ങൾ നടത്തുകയും അവയുടെ വഴികളെ ഏകീകരിക്കുകയും ചെയ്തു. ഈ പശ്ചാത്തലത്തിൽനിന്നുകൊണ്ട് ഉസ്വൂലുൽ ഫിഖ്ഹുമായി ബന്ധപ്പെടുത്തി തന്റെ മഖാസ്വിദീ ദർശനങ്ങളെ പുതിയ രീതിയിൽ അദ്ദേഹം അവതരിപ്പിച്ചു.

ജീവിതത്തിൽ ഇമാം ജുവൈനി സ്വൂഫീ വഴിയാണ് തെരഞ്ഞെടുത്തത്. ദീനീ വിധിവിലക്കുകളിൽ ഉള്ള മഖാസ്വിദിൽ (ശരീഅത്തിന്റെ ലക്ഷ്യങ്ങൾ) നിന്നു കൊണ്ട് ഈമാനിന്റെ മാധുര്യം അദ്ദേഹത്തിന്റെ ഹൃദയവും അവയവങ്ങളും ആസ്വദിച്ചു. ആ മാധുര്യം അനുഭവിച്ചവൻ അല്ലാഹുവിനെ അറിഞ്ഞു, അല്ലാഹുവിനെ അറിഞ്ഞവൻ ദൈവിക സ്മരണയിൽ ആണ്ടുപോകും. തന്റെ 'ബുർഹാനി'ലൂടെ മഖാസ്വിദിന്റെ മാധുര്യം നൽകി ദൈവിക സാന്നിധ്യത്തിലേക്ക് എത്തിച്ചേരാൻ അദ്ദേഹം ഹൃദയങ്ങളെ സഹായിച്ചു.[6]

മഖാസ്വിദിൽ അധിഷ്ഠിതമായ നിദാനശാസ്ത്രത്തിന്റെ ധൈഷണിക പ്രഭാവം അദ്ദേഹം അവതരിപ്പിച്ചു. ഇത് ഇസ്‌ലാമിക ചിന്താ ചരിത്രത്തിൽ വ്യതിരിക്തവും മുഖ്യവുമായ ഒരു ചുവടുവെപ്പായിരുന്നു. അതിലൂടെ നേരായ രീതിശാസ്ത്രത്തിൽനിന്നുകൊണ്ട് ഇസ്‌ലാമിക വിജ്ഞാനീയങ്ങളെ പുനർവായന നടത്താനും ഇജ്തിഹാദിന് ആഴവും പരപ്പും നൽകാനുള്ള മൗലികാടിത്തറ നൽകാനും അദ്ദേഹത്തിന് സാധിച്ചു.[7]

### ആദർശപരമായ മഖാസ്വിദീ ഗവേഷണങ്ങൾ
(عقائد)

ആദർശത്തിൽ മഖാസ്വിദിന്റെ പ്രതിനിധാനം നിർവഹിച്ചുകൊണ്ട് ധാരാളം പണ്ഡിതന്മാർ രചനകൾ നിർവഹിച്ചിട്ടുണ്ട്. ഇമാം ഗസ്സാലി(റ)യുടെ സംഭാവനകൾ ഏറെ വ്യതിരിക്തവും നവോത്ഥാനത്തിന് വഴി തുറക്കുന്നതുമായിരുന്നു. ഈ

മേഖലയിൽ അദ്ദേഹം ധാരാളം രചനകൾ നിർവ ഹിച്ചു. 'ഇഹ്‌യാ ഉലൂമിദ്ദീൻ', 'അൽ ഇഖ്തിസ്വാ ദു ഫിൽ ഇഅ്തിഖാദ്', 'ഖവാഇദുൽ അഖാഇ ദ്' തുടങ്ങിയ ഗ്രന്ഥങ്ങളിൽ അദ്ദേഹം വിശ്വാസ കാര്യങ്ങളുടെ യുക്തിയും ലക്ഷ്യങ്ങളും (مقاصد) വിശദീകരിക്കുകയുണ്ടായി.

ആദർശങ്ങളുമായി ബന്ധപ്പെട്ട മേഖലക ളിൽ, അതിന്റെ മഖാസ്വിദുകൾ കൂടി മനസ്സിലാക്കുന്നത്, ദേഹേഛകളെ നിയ ന്ത്രിക്കാനും ദൈവിക നിയമങ്ങൾക്ക് മനസ്സിനെ പൂർണമായി വിധേയമാക്കാ നും സഹായിക്കുമെന്ന് തന്റെ 'ഇഹ്‌യാ' യിലൂടെ അദ്ദേഹം വ്യക്തമാക്കി.[8]



വ്യത്യസ്ത തത്വശാസ്ത്രങ്ങളും സ്വൂഫീ ധാരകളും വികലമാക്കിയ ആ ദർശ മേഖലയിൽ ഇതു കാരണം വലി യ പരിഷ്കരണങ്ങൾ നടന്നു. യഥാർഥ ആദർശത്തിലേക്ക് വഴിനടക്കാൻ അത് ജനങ്ങളെ സഹായിച്ചു. മഖാസ്വിദുശ്ശ രീഅയെ ഇമാം ഗസ്സാലി തന്റെ പരിഷ് കരണ മേഖലയിൽ ക്രിയാത്മകമായി ഉപയോഗപ്പെടുത്തുകയാണ് ചെയ്തത്.

ഇമാം ഗസ്സാലിയുടെ ആദർശത്തിൽ അധി ഷ്ഠിതമായ മഖാസ്വിദിന്റെ പിറവിക്ക് ചില പശ്ചാ ത്തലങ്ങളുണ്ട്:

1. വിശ്വാസപരവും കർമശാസ്ത്രപരവുമായ മദ്ഹബുകൾക്കിടയിൽ നിലനിന്നിരുന്ന അതിശ ക്തമായ ആശയഭിന്നതകൾ അഞ്ചാം നൂറ്റാണ്ടിന്റെ പ്രത്യേകതയായിരുന്നു. തദ്ഫലമായി ധാരാളം അവാന്തര വിഭാഗങ്ങൾ ഉയർന്നുവരികയും അവ പരസ്പരം അനാരോഗ്യകരമായ ആശയ പോ രാട്ടത്തിൽ ഏർപ്പെടുകയും ചെയ്തു. ഇതെല്ലാം ഇസ്‌ലാമിന്റെ ആദർശ മേഖലയിൽ വിഷം കലർ ത്തുകയുണ്ടായി.

2. സ്വൂഫീ വിജ്ഞാനത്തിന്റെ നിദാനശാ സ്ത്രം, തത്വശാസ്ത്രം, തർക്കശാസ്ത്രം, തുടർ വിജ്ഞാനീയങ്ങളിൽനിന്ന് രൂപപ്പെട്ട മഖാസ്വിദീ ചിന്തകളുടെ രൂപവൽക്കരണം മുതലായവയെല്ലാം സവിശേഷമായ ഒരു വൈജ്ഞാനിക തലത്തി ലേക്ക് അദ്ദേഹത്തെ നയിച്ചു.

3. ഇമാം ഗസ്സാലിയുടെ ജീവിതത്തിൽ സം ഭവിച്ച അടിസ്ഥാനപരമായ മാറ്റങ്ങൾ ഇവിടെ പ രിഗണനീയമാണ്. അദ്ദേഹത്തിന്റെ ജീവിതത്തിന്റെ രണ്ടാം പകുതി ആദ്യ പകുതിയെ ചിന്താപരമായും വൈജ്ഞാനികമായും നിരാകരിക്കുന്നതായിരു ന്നു. ഇത് അദ്ദേഹത്തിന്റെ ചിന്തകളിൽ വലിയ സ്വാധീനം ചെലുത്തി.

4. മാനസികവും സ്വഭാവപരവും ആത്മീയവുമാ യ മേഖലകളിൽ അദ്ദേഹം പ്രകടിപ്പിച്ച അനിതരസാ ധാരണമായ കൂർമബുദ്ധിയും അനുഭവപരിജ്ഞാന വും എടുത്തു പറയേണ്ടതാണ്. ഇതെല്ലാം ഇമാം ഗസ്സാലിയെ വ്യത്യസ്തമായി ഈ ചിന്തയിലേക്ക് നയിക്കുകയും ആ അടിസ്ഥാനത്തിൽ സമൂഹത്തിൽ നവോത്ഥാനം സൃഷ്ടിക്കാൻ പ്രാപ്തനാക്കുകയും ചെയ്തു.

**സംസ്കരണപരമായ മഖാസ്വിദീ ഗവേഷണങ്ങൾ**

ഇസ്‌ലാമിക ചിന്തയെ പുന രുജ്ജീവിപ്പിക്കുന്നതിനും അതിന്റെ അടിസ്ഥാനത്തിൽ ഒരു നവോത്ഥാന സംരംഭത്തിന് തുടക്കം കുറിക്കുന്നതി നും മാതൃകാപരമായ വൈജ്ഞാനിക പാഠശാല ചരിത്രത്തിൽ സംഭാവന ചെ യ്ത മഹാനായ പരിഷ്കർത്താവായിരു ന്നു ശൈഖുൽ ഇസ്‌ലാം ഇബ്നുതൈ മിയ്യ. അത് ഇസ്‌ലാമിനെതിരെയുള്ള കൈയേറ്റങ്ങളെ പ്രതിരോധിക്കുകയും സവിശേഷവും ശക്തവുമായ ഒരു വൈ ജ്ഞാനിക അടിത്തറ സ്ഥാപിക്കുകയും ചെയ്തു. ഇതെല്ലാം സംസ്കരണപരമായ മഖാസ്വിദീ ഗവേ ഷണങ്ങൾക്ക് തുടക്കം കുറിച്ചു.

ഇബ്നുതൈമിയ്യയുടെ വൈജ്ഞാനിക രീതിശാ സ്ത്രം ശരീഅത്തിന്റെ യാഥാർഥ്യങ്ങളും മഖാസ്വി ദുകളും വിശദീകരിക്കുന്നതിൽ കേന്ദ്രീകരിച്ചതായി കാണാൻ കഴിയും. അതിനെ ഇങ്ങനെ ചുരുക്കി ഇ നം തിരിക്കാം:

**1. നിർധാരണവും സൂക്ഷ്മനിരീക്ഷണവും** (استقراء)

പൂർവികരുടെ വിജ്ഞാനത്തെ ഇബ്നുതൈമിയ്യ നോക്കിയത് സൂക്ഷ്മനിരീക്ഷണത്തിന്റെ കണ്ണോടു കൂടിയാണ്. അതിൽനിന്ന് നിരാകരിക്കേണ്ടതിനെ നിരാകരിക്കാൻ മാത്രമായിരുന്നില്ല അത്, മറിച്ച് അതിൽനിന്ന് ശരീഅത്തിന്റെ പൊതുലക്ഷ്യങ്ങൾ കണ്ടെടുക്കാൻ കൂടിയായിരുന്നു.

നിയമങ്ങളും വിധികളും നിർധാരണം ചെയ് തെടുക്കുന്നതിന്റെ ധാരാളം അടിസ്ഥാനങ്ങൾ ഇബ് നുതൈമിയ്യയുടെ പക്കൽ കാണാൻ കഴിയും. ഹമ്പലീ മദ്ഹബിന്റെ അടിസ്ഥാനങ്ങളെ കടന്ന് അത് കുറ ച്ചുകൂടി മുന്നോട്ട് പോയിട്ടുണ്ട്. അത് ഇപ്രകാരമാണ്: 1. ഖുർആൻ 2. സുന്നത്ത് 3. ഇജ്മാഅ് 4. ഖിയാസ് 5. ഇസ്തിസ്ഹാബ് 6. മസ്വാലിഹുൽ മുർസല 7. സ്വഹാബികളുടെ വചനങ്ങൾ 8. മുൻ ശരീഅത്ത് നിയമങ്ങൾ 9. ഇസ്തിഹ്സാൻ 10. സദ്ദുദ്ദറാഇഅ് 11. ഉർഫ്. ഈ അടിസ്ഥാനങ്ങളെല്ലാം ഇബ്നു തൈമിയ്യ

യുടെ നിദാനശാസ്ത്ര രീതിശാസ്ത്രത്തെ അനാവരണം ചെയ്യുന്നതാണ്. കർമശാസ്ത്രത്തിന്റെ കോണിലൂടെ നോക്കുമ്പോൾ അദ്ദേഹത്തിന്റെ അടിസ്ഥാനങ്ങൾ ഹമ്പലീ മദ്ഹബിലാണ് സ്ഥാപിക്കപ്പെട്ടിരിക്കുന്നത് എന്നു കാണാം. എന്നാൽ അദ്ദേഹത്തിന്റെ ഗവേഷണപരമായ നിരീക്ഷണങ്ങൾ മഖാസ്വിദുശ്ശരീഅയോടൊപ്പം വികസിക്കുന്നുണ്ട്. അദ്ദേഹത്തിന്റെ മഖാസിദീ ഗവേഷണങ്ങൾ ഇസ്‌ലാമിന്റെ പരിഷ്കരണ മേഖലയിലാണ് കൂടുതൽ സജീവമായത്.

**2. ഇസ്‌ലാമിന്റെ സംരക്ഷണം**

അന്ധവിശ്വാസങ്ങളും അനാചാരങ്ങളും ദീനിന്റെ ശുദ്ധപ്രകൃതത്തിൽ വിഷം കലർത്തിയ കാലത്തായിരുന്നു ഇബ്നുതൈമിയ്യ ജീവിച്ചത്. അതുകൊണ്ടു തന്നെ അദ്ദേഹത്തിന്റെ മഖാസിദീ ഗവേഷണങ്ങളുടെ മുഖ്യ ഊന്നൽ ഇസ്‌ലാമികാദർശത്തിനേറ്റ പുഴുക്കുത്തുകളെ നീക്കുക എന്നതിലായിരുന്നു. അതിനു വേണ്ടി അദ്ദേഹം ബുദ്ധിപരവും വൈജ്ഞാനികവുമായ കഠിനാധ്വാനം നടത്തുകയുണ്ടായി. വിശ്വാസ കാര്യങ്ങളുടെയും ആരാധനകളുടെയും ലക്ഷ്യങ്ങളും യുക്തികളും അവതരിപ്പിച്ചുകൊണ്ടായിരുന്നു അത്.

**3. രാഷ്ട്രീയ മേഖലയിലെ പരിഷ്കരണങ്ങൾ**

ഇസ്‌ലാമിക ചരിത്രത്തിൽ ചോദ്യം ചെയ്യാതെ കിടന്നിരുന്ന 'നിയമനിർമാണത്തിന്റെ പരമാധികാരം അല്ലാഹുവിന്' (حاكمية الله) എന്ന ആശയം നിരാകരിച്ചുകൊണ്ട് സ്വന്തമായി നിയമങ്ങളും ഭരണഘടനയും നിർമിച്ച് ഇസ്‌ലാമിക ഭരണകൂടങ്ങളെ തകർത്ത് കടന്നുവന്ന താർത്താരികളെ വൈജ്ഞാനികമായും സൈനികമായും നേരിട്ട ചരിത്രം ഇബ്നുതൈമിയ്യക്കുണ്ട്. ശരീഅത്തിലധിഷ്ഠിതമായ രാഷ്ട്രത്തിന്റെ അടിത്തറകളെയും പ്രായോഗിക രീതികളെയും കുറിച്ച് മഖാസ്വിദുശ്ശരീഅയുടെ അടിസ്ഥാനത്തിൽ അദ്ദേഹം ഗ്രന്ഥങ്ങൾ എഴുതി. അതിലേറ്റവും പ്രശസ്തമായത് അദ്ദേഹത്തിന്റെ 'അസ്സിയാസത്തുശ്ശർഇയ്യഃ' യാണ്. ആ മേഖലയിൽ അദ്ദേഹത്തിന്റെ പരിഷ്കരണ പ്രവർത്തനങ്ങൾ അഗാധവും വിശാലവുമാണ്.

ചുരുക്കത്തിൽ, ശാത്വിബിക്ക് മുമ്പുള്ള മഖാസ്വിദുശ്ശരീഅയിൽ അധിഷ്ഠിതമായ വൈജ്ഞാനിക പരിഷ്കരണ നവോത്ഥാന സംരംഭങ്ങളുടെ വികാസം ഈ രീതിയിലാണ് നടന്നത്. മഖാസ്വിദുശ്ശരീഅയുടെ മേഖലയിൽ പഠനങ്ങളും ഗവേഷണങ്ങളും നടത്തിയ വേറെയും ധാരാളം പണ്ഡിതന്മാരെ ഇമാം ശാത്വിബിക്കു മുമ്പ് തന്നെ കാണാം. എന്നാൽ പരാമർശിക്കപ്പെട്ട നാമങ്ങൾ പുതിയ ആവിഷ്കാരങ്ങളും നവോത്ഥാന സംരംഭങ്ങളും കൊണ്ട് ഏറെ ശ്രദ്ധേയരായവരാണ്.

**ആദർശങ്ങളുമായി ബന്ധപ്പെട്ട മേഖലകളിൽ, അതിന്റെ മഖാസ്വിദുകൾ കൂടി മനസ്സിലാക്കുന്നത്, ദേഹേഛകളെ നിയന്ത്രിക്കാനും ദൈവിക നിയമങ്ങൾക്ക് മനസ്സിനെ പൂർണമായി വിധേയമാക്കാനും സഹായിക്കുമെന്ന് തന്റെ 'ഇഹ്‌യാ' യിലൂടെ ഇമാം ഗസ്സാലി വ്യക്തമാക്കി.**

**ശാത്വിബിക്കു ശേഷം**

ഇമാം ശാത്വിബിയുടെ കാലത്തോടെ മഖാസ്വിദുശ്ശരീഅ പുതിയ ഒരു ഘട്ടത്തിലേക്ക് പ്രവേശിച്ചു. മഖാസ്വിദുശ്ശരീഅ ഒരു സ്വതന്ത്ര വിജ്ഞാന ശാഖയായി അവതരിപ്പിക്കപ്പെടുകയും കർമശാസ്ത്രത്തിന്റെയും നിദാന ശാസ്ത്രത്തിന്റെയും പരിധികളിൽ പുറത്തുകടന്ന് മനുഷ്യ ജീവിതത്തിന്റെ രാഷ്ട്രീയ-സാമ്പത്തിക-സാമൂഹിക ജീവിത മേഖലയിലേക്ക് കടന്നുവന്നു. ശാത്വിബിയുടെ 'മുവാഫഖാത്തി'ന്റെ രണ്ടാം വാല്യം 'കിതാബുൽ മഖാസിദ്' എന്നാണ് മഖാസ്വിദുശ്ശരീഅയുടെ അതുവരെ അനാവരണം ചെയ്യപ്പെട്ടിട്ടില്ലാത്ത മേഖലകളാണ് അതിലൂടെ അനാവൃതമായത്. ഹിജ്റ എട്ടാം നൂറ്റാണ്ടിൽ നിലനിന്ന നവോത്ഥാനപരമായ ദാർശനികത സ്ഥാപിക്കപ്പെട്ട രീതിശാസ്ത്രത്തിന്റെ അടിസ്ഥാന പ്രേരകങ്ങളാണ് ഇവിടെ ചുരുക്കി വിവരിക്കുന്നത്.

മഖാസിദീ ദർശനത്തിന്റെ അടിസ്ഥാനം അദ്ദേഹത്തിന്റെ തന്നെ നിർവചനമനുസരിച്ച് (استقراء) സൂക്ഷ്മ പഠനമാണ്.

അദ്ദേഹം എഴുതി: 'ശരീഅത്തിൽനിന്ന് ഇസ്തിഖ്റാഅ് ചെയ്തെടുത്ത ആശയങ്ങളാണ് ഞാൻ അവലംബിക്കുന്നത്. അത് ശരീഅത്ത് അടിമകളുടെ നന്മക്കു വേണ്ടിയുള്ളതാണ് എന്നതാണ്.

ശരീഅത്ത് മൊത്തം സൂക്ഷ്മ നിരീക്ഷണത്തിനും പുനർവായനക്കും വിധേയമാക്കിയ ശേഷം അദ്ദേഹം എത്തിച്ചേർന്ന സത്യമാണ് ശരീഅത്ത് മനുഷ്യ നന്മക്ക് വേണ്ടിയുള്ളതാണ് എന്നത്. എല്ലാ തെളിവുകളും ആശയാർഥങ്ങളും ഉൾക്കൊണ്ട രീതിശാസ്ത്രത്തെക്കുറിച്ച ചുരുക്കെഴുത്താണ് ശാത്വിബിക്ക് 'ഇസ്തിഖ്റാഅ്' (പുനർവായന). ഇമാം ശാത്വിബിയുടെ മുമ്പുള്ള പണ്ഡിതന്മാർ ഇസ്തിൻബാത്ത് (പ്രമാണങ്ങളിൽ നിന്ന് വിധികൾ നിർധാരണം ചെയ്തെടുക്കൽ), ഖിയാസ് എന്നിവയിലൂടെ വിധികൾ രൂപീകരിച്ചി

ട്ടുണ്ട്. എന്നാൽ ഇമാം ശാത്വിബി 'ഇസ്തിഖ്റാഅ്' ഉപയോഗിച്ചതോടുകൂടി ഇസ്‌ലാമിക ശരീഅത്തിന്റെ ഗവേഷണ മേഖലയിൽ വലിയ വിപ്ലവം സാധ്യമായി. അതിലൂടെ ശരീഅത്തിന്റെ വിധികളിൽ ഗോപ്യമായി കിടന്നിരുന്ന ഉദ്ദേശ്യലക്ഷ്യങ്ങളും രഹസ്യങ്ങളും അനാവൃതമായി.

ഇത് ഇമാം ശാത്വിബി സാധിച്ച വലിയ നവോത്ഥാനമായിരുന്നു. ഈ രീതിശാസ്ത്രത്തിന്റെ പ്രയോഗവൽക്കരണം ഏറ്റവും കൂടുതൽ നടന്നത് മനുഷ്യന്റെ മാറ്റങ്ങൾക്ക് വിധേയമായിക്കൊണ്ടിരിക്കുന്ന സാമൂഹിക-രാഷ്ട്രീയ-സാമ്പത്തിക മേഖലകളിലാണ്. ഈ മേഖലകളിലാണ് ഇജ്തിഹാദ് നടക്കുക. കാരണം ഈ മേഖലയിൽ ശരീഅത്തിൽ അടിസ്ഥാന തത്വങ്ങൾ മാത്രമേ അവതരിക്കപ്പെട്ടിട്ടുള്ളൂ.

2. തഅ്‌ലീൽ (വിധികളുടെ علة -കാരണം- കണ്ടെത്തുക). ഇല്ലത്ത് പരിഗണിക്കാത്ത ഇജ്തിഹാദുകൾ അപൂർണവും ലക്ഷ്യസാക്ഷാൽക്കാരത്തിൽ നിന്ന് വിഘാതവുമായിരിക്കും. ഈ അടിത്തറയിൽ ശക്തമായി ഊന്നിക്കൊണ്ടാണ് ഇമാം ശാത്വിബി തന്റെ നവോത്ഥാനപരമായ മഖാസ്വിദീ ചിന്തകളെ മുന്നോട്ട് കൊണ്ടുപോയത്.

ശൈഖ് അഹ്മദ് റൈസൂനി എഴുതുന്നു: 'ഇമാം (ശാത്വിബി) ആരാധനകൾ അതിന്റെ പൊതുവായ അടിസ്ഥാനത്തിൽ കാരണത്തിൽ അധിഷ്ഠിതമാണെന്നത് നിരാകരിക്കുന്നില്ല. എന്നാൽ അതിന്റെ വിശദാംശങ്ങൾ കാരണങ്ങൾക്ക് വിധേയമല്ല. അതിൽനിന്ന് കാരണങ്ങൾ കണ്ടെത്താൻ കഴിയില്ല.

വിധികൾ കാരണങ്ങൾക്ക് വിധേയമാണ് എന്ന ശാത്വിബിയുടെ വാദം ഇൽമുൽ കലാമിന്റെയും അഖീദാ ചിന്താസരണികളുടെയും നിലപാടുകളോട് വിയോജിക്കുന്നു. അതേസമയം അശ്അരീ ചിന്താസരണിയുടെ വക്താവായി അദ്ദേഹം അറിയപ്പെടുന്നുമുണ്ട്.

ഇമാം ശാത്വിബി തന്റെ ബുദ്ധികൂർമത കൊണ്ടും ധിഷണാ ശേഷി കൊണ്ടും മഖാസ്വിദിന്റെ ലോകത്തേക്ക് പ്രവേശിക്കുന്നത് കാരണങ്ങളുടെ കവാടത്തിലൂടെയാണ്. അതോടൊപ്പം തന്നെ അശ്അരീ ചിന്തയെ അസ്വസ്ഥപ്പെടുത്താനും അദ്ദേഹം മെനക്കെടുന്നില്ല. ഉറച്ചതും സൂക്ഷ്മവുമായ കാൽവെപ്പുകളോടെയായിരുന്നു ആ പ്രവേശനം.

3. ഇമാം ശാത്വിബിയുടെ കാലത്ത് മാലികീ മദ്ഹബിന്റെ സ്വാധീനം.

ഇസ്‌ലാമിക ശരീഅത്തിന്റെ ആത്മാവിലേക്കും അതിന്റെ പൊതുലക്ഷ്യങ്ങളിലേക്കും അഗാധമായ നിരീക്ഷണ പാടവവുമായി കടന്നുചെല്ലാൻ ഇമാം ശാത്വിബിക്ക് കരുത്തേകിയത് മാലികീ മദ്ഹബിന്റെ രീതിശാസ്ത്രങ്ങളായിരുന്നു. അതിൽനിന്നാണ് അദ്ദേഹം തന്റെ മഖാസ്വിദീ നവോത്ഥാനത്തിനുള്ള ഇന്ധനം കണ്ടെടുത്തത്. ഗവേഷണങ്ങൾ വികസിക്കുന്നതിനനുസരിച്ച്, തന്റെ അടിസ്ഥാനങ്ങളും തത്വങ്ങളും വൈവിധ്യമാകാൻ തുടങ്ങി. അവസാനം അത് ജീവിതഗന്ധിയായ ഒരു കർമസരണിയായി രൂപാന്തരപ്പെട്ടു. ആധുനിക കാലം വരെ തുടർന്നുപോന്ന കർമസരണി.

മാലികീ മദ്ഹബിന്റെ അടിസ്ഥാനങ്ങളിലൂടെയാണ് അദ്ദേഹത്തിന്റെ ചിന്തകൾ വ്യാപരിക്കുകയും പ്രായോഗിക ജീവിതത്തിലേക്ക് കടന്നുവരികയും ചെയ്തത്. പിന്തുടരപ്പെടുന്ന ഇമാം എന്നാണ് മാലിക്(റ)നെ അദ്ദേഹം അഭിസംബോധന ചെയ്തത്. മാലികീ മദ്ഹബിന്റെ അടിസ്ഥാനങ്ങളായ അൽ മസ്വാലിഹുൽമുർസല(المصالح المرسلة), സദുദ്ദറാഇഅ് (سد الذرائع), ഉർഫ് (عرف) തുടങ്ങിയ കാര്യങ്ങളെ അദ്ദേഹം വികസിപ്പിക്കുകയും പ്രായോഗിക ജീവിതത്തിലെ പ്രശ്നങ്ങൾക്ക് പരിഹാരമായി അവയെ ഉപയോഗപ്പെടുത്തുകയും ചെയ്തു.

ഇമാം ശാത്വിബിക്ക് തന്റെ സൂക്ഷ്മ വിശകലന (استقراء) രീതിശാസ്ത്രം കൊണ്ട് മാലികീ മദ്ഹബിന്റെ കർമശാസ്ത്രത്തെയും അശ്അരീ ചിന്തകളെയും ഇബ്നുതൈമിയ്യയുടെയും ഇബ്നുഖയ്യിമിന്റെയും വീക്ഷണങ്ങളെയും മുൻഗാമികളായ നിദാന ശാസ്ത്രകാരന്മാരുടെ ഗവേഷണങ്ങളെയും സമഞ്ജസമായി സമന്വയിപ്പിക്കാനും ഒരേ ബിന്ദുവിൽ വിസ്മയകരമായി കണ്ണിചേർക്കാനും സാധിച്ചു. അതിലൂടെ വ്യതിരിക്തവും നൂതനവുമായ മഖാസ്വിദീ ഗവേഷണത്തിന്റെ അതുല്യമായ ദർശനം പിറവികൊണ്ടു. അത് ശരീഅത്തിന്റെ ലക്ഷ്യങ്ങളെയും യുക്തികളെയും രഹസ്യങ്ങളെയും കുറിച്ച് ചിന്തിക്കാൻ വിശാലമായ ഒരു പദ്ധതി ധൈഷണിക ലോകത്തിന് സമർപ്പിച്ചു. അതാണ് ഇമാം ശാത്വിബിയുടെ മഖാസ്വിദുശ്ശരീഅയുടെ സൈദ്ധാന്തിക ലോകം.

**ശാത്വിബിയും ആധുനിക മഖാസ്വിദീ ചിന്തകളും**

ഇമാം ശാത്വിബിക്കു ശേഷം മഖാസ്വിദുശ്ശരീഅയുടെ തുടർച്ചയുണ്ടാകുന്നത് പത്തൊമ്പതാം നൂറ്റാണ്ടിന്റെ അവസാനത്തിലും ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യത്തിലുമാണെന്നാണ് ചില ഗവേഷകരുടെ അഭിപ്രായം. അതായത് തുനീഷ്യയിലെ മതപരിഷ്കരണ പ്രസ്ഥാനം ഇമാം ശാത്വിബിയുടെ 'മുവാഫഖാത്ത്' പ്രസിദ്ധീകരിച്ചതോടെയാണ് രംഗപ്രവേശം ചെയ്തത്. 1884-ലാണ് ആധുനിക ലോകത്തെ മഖാസ്വിദീ പണ്ഡിതൻ അല്ലാമാ ത്വാഹിർ ഇബ്നു ആശൂർ *മുവാഫഖാത്ത്* പ്രസിദ്ധീകരിക്കുകയും സൈത്തൂന യൂനിവേഴ്സിറ്റിയിൽ അത് സിലബസിന്റെ ഭാഗമാക്കുകയും ചെയ്തത്. ഇതേവർഷം തന്നെ ശൈഖ്

മുഹമ്മദ് അബ്ദു തുനീഷ്യ സന്ദർശിക്കുകയും ഈ ഗ്രന്ഥം കാണാൻ ഇടയാവുകയും ചെയ്തു.

അതിനു ശേഷം *മുവാഫഖാത്ത്* അസ്ഹർ യൂനിവേഴ്സിറ്റിയിൽ അദ്ദേഹം സിലബസിൽ ഉൾപ്പെടുത്തി. അതിന്റെ മുമ്പ് നൂറ്റാണ്ടുകളോളം *മുവാഫഖാത്ത്* വിസ്മൃതിയിലായിരുന്നു. ഇമാം ശാത്വിബിയുടെ കാലത്തും അദ്ദേഹത്തിന്റെ മഖാസ്വിദീ ചിന്തകൾ സ്പെയിനിൽനിന്ന് പുറം ലോകത്തേക്ക് വ്യാപിച്ചിരുന്നില്ല. അതിന്റെ പ്രധാന കാരണം അദ്ദേഹം സ്പെയിനിനു പുറത്ത് യാത്ര ചെയ്തിരുന്നില്ല എന്നതാണ്. ദരിദ്ര ജീവിതം നയിച്ചതിനാൽ അദ്ദേഹത്തിന് ഹജ്ജ് ചെയ്യാൻ പോലും സാധിച്ചിട്ടില്ല എന്നാണ് ഗവേഷകന്മാർ പറയുന്നത്.

ആധുനിക ലോകത്ത് നവോത്ഥാനപരവും പരിഷ്കരണപരവുമായ സംരംഭങ്ങൾ പിറവികൊണ്ടത് മഖാസ്വിദീ ഗവേഷണങ്ങളിലൂടെയും വൈജ്ഞാനിക രീതിശാസ്ത്രത്തിന്റെ പുനർനിർമിതിയിലൂടെയുമാണ്. ഇതിന് നേതൃപരമായ പങ്കു വഹിച്ചവരിൽ ഒരാൾ ത്വാഹിർ ഇബ്നു ആശൂർ ആയിരുന്നു. അദ്ദേഹത്തിന്റെ 'മഖാസ്വിദുശ്ശരീഅ അൽ ഇസ്ലാമിയ്യഃ' എന്ന ഗ്രന്ഥം അതിൽ പ്രധാന പങ്കുവഹിച്ചു. സാമൂഹിക നവോത്ഥാനത്തിന്റെ സൈദ്ധാന്തിക അടിത്തറകൾ പ്രസ്തുത ഗ്രന്ഥത്തിലൂടെയാണ് അദ്ദേഹം അവതരിപ്പിച്ചത്. ഇതിന് അദ്ദേഹത്തിന് ആശയാടിത്തറ ഒരുക്കിക്കൊടുത്തത് ഇമാം ശാത്വിബി ആയിരുന്നു. ശൈഖ് ത്വാഹിർ ഇബ്നു ആശൂറിന്റെ പരിഷ്കരണ സംരംഭങ്ങൾ ഇമാം മുഹമ്മദ് അബ്ദുവിന്റെ പരിഷ്കരണ സംരംഭങ്ങളുമായി കണ്ണിചേർക്കപ്പെട്ടതോടുകൂടി ഇരുപതാം നൂറ്റാണ്ടിൽ നവോത്ഥാനത്തിന്റെ വലിയ തുടക്കം കുറിക്കപ്പെടുകയുണ്ടായി

ഇസ്ലാമിക വിജ്ഞാനീയങ്ങളുടെ നവീകരണത്തിനും ശരീഅത്തിന്റെ കാലിക വായനകൾക്കും അത് ശക്തിപകരുകയും മഖാസ്വിദുശ്ശരീഅയുടെ പ്രസക്തി ലോകം മുഴുക്കെ അംഗീകരിക്കപ്പെടാനും അത് കാരണമായി.

വൈജ്ഞാനിക മേഖലയിൽ ശൈഖ് ത്വാഹിറുബ്നു ആശൂർ നടത്തിയ വിസ്മയാവഹമായ നവോത്ഥാന പ്രവർത്തനങ്ങൾ വിവരണാതീതമാണ്. ഖുർആനെയും ഹദീസിനെയും മഖാസ്വിദിന്റെ അടിസ്ഥാനത്തിലാണ് അദ്ദേഹം വ്യാഖ്യാനിച്ചത്. അദ്ദേഹത്തിന്റെ ഖുർആൻ വ്യാഖ്യാന ഗ്രന്ഥമായ 'അത്തഹ്‌രീറുവത്തൻവീർ' അതുകൊണ്ടുതന്നെ ഇതര വ്യാഖ്യാന ഗ്രന്ഥങ്ങളിൽനിന്ന് വ്യതിരിക്തത പുലർന്നു. തഫ്സീറിന്റെ ചരിത്രത്തിൽ മഖാസ്വിദിന്റെ അടിസ്ഥാനത്തിൽ ഊന്നിനിന്നുകൊണ്ട് വ്യാഖ്യാനം നടത്തിയ ഗ്രന്ഥങ്ങൾ വളരെ അപൂർവമാണ്. അതുപോലെ നിദാന ശാസ്ത്രത്തിലും ഭാഷയിലും സാഹിത്യത്തിലും ഗ്രാമർ, ചരിത്രം തുടങ്ങിയ വ്യത്യസ്ത വൈജ്ഞാനിക മേഖലകളിലും അദ്ദേഹത്തിന്റെ സംഭാവനകൾ വിലമതിക്കാനാവാത്തതാണ്.

മഖാസ്വിദുശ്ശരീഅയോട് അങ്ങേയറ്റത്തെ പ്രതിപത്തി ത്വാഹിറുബ്നു ആശൂറിന് ഉണ്ടായിരുന്നു. പലപ്പോഴും അദ്ദേഹം പറഞ്ഞിരുന്നു; ശരീഅത്തിന്റെ കർമശാസ്ത്രത്തിലും അതിന്റെ മഖാസ്വിദ് ഗ്രഹിക്കുന്നതിലും നൈപുണ്യമുള്ള പണ്ഡിതന്മാരാണ് ഇസ്ലാമിക സമൂഹത്തിന് ആവശ്യം.

ഈ ബോധ്യമാണ് ത്വാഹിർ ഇബ്നു ആശൂറിനെ ആദ്യകാല മഖാസ്വിദിന്റെ പണ്ഡിതന്മാരുടെ ഗ്രന്ഥങ്ങളിൽ ആഴത്തിൽ പഠനം നടത്താനും അതിനെ ആധുനികമായി പുനർവായന നടത്താനും പ്രചോദിപ്പിച്ചത്. പ്രത്യേകിച്ച് ഇമാം ശാത്വിബിയുടെ മഖാസ്വിദീ ചിന്തകൾ. ഈ വിഷയത്തിൽ ഇമാം ശാത്വിബിയെ അദ്ദേഹം ധാരാളം പ്രയോജനപ്പെടുത്തുകയും അദ്ദേഹത്തിന്റെ മാർഗം പിന്തുടരുകയും ചെയ്തു. ത്വാഹാ ജാബിർ ഉൽവാനി എഴുതുന്നു: 'ഇമാം ശാത്വിബിക്ക് നഷ്ടപ്പെട്ടത് വീണ്ടെടുക്കാൻ ത്വാഹിർ ഇബ്നു ആശൂറിന് സാധിച്ചു. മഖാസ്വിദീ ചിന്തയെ ഏറ്റവും നല്ല രീതിയിൽ അദ്ദേഹം പുനർനിർമിക്കുകയും ചെയ്തു.'

ശരീഅത്തിന്റെ പൊതുലക്ഷ്യത്തെ ത്വാഹിർ ഇബ്നു ആശൂർ ഇങ്ങനെ നിർവചിക്കുന്നു: ശരീഅത്തിന്റെ പൊതു ലക്ഷ്യം ലോക ഘടനയുടെ സംരക്ഷണവും അതിന്റെ നന്മയുമാണ്. അതിന് അതിലെ പ്രധാന ഘടകമായ മനുഷ്യനിൽ പരിഷ്കരണം സാധ്യമാകണം. അതിനു വേണ്ടി അവന്റെ ബുദ്ധിയെയും കർമങ്ങളെയും അവന്റെ മുമ്പിലുള്ള എല്ലാറ്റിനെയും പരിഷ്കരിക്കണം.

ശരീഅത്തിന്റെ ലക്ഷ്യങ്ങളെ (مقاصد) അദ്ദേഹം രണ്ടായി തരംതിരിച്ചു:

1. നിയമനിർമാണത്തിന്റെ എല്ലാ അവസ്ഥകളിലോ മിക്ക സാഹചര്യങ്ങളിലുമോ നിയമനിർമാതാവ് പരിഗണിച്ചിട്ടുള്ള യുക്തികളും ആശയങ്ങളും. ഇത് ശരീഅത്തിന്റെ പൊതു സവിശേഷതയാണ്. മഖാസ്വിദിന്റെ പൊതുലക്ഷ്യങ്ങളുടെ കൂട്ടത്തിൽ ചില കാര്യങ്ങൾ അദ്ദേഹം എടുത്തുപറയുകയുണ്ടായി: 1. വ്യവസ്ഥയുടെ സംരക്ഷണം. 2. നന്മ പ്രായോഗി

കമാക്കുക, ഉപദ്രവം തടയുക 3. ജനങ്ങൾക്കിടയിൽ സമത്വം നിലനിർത്തുക. അതിലൂടെ സമൂഹത്തിന് ശക്തി പകരുക.

2. പ്രത്യേകമായ ശരീഅത്തിന്റെ ലക്ഷ്യങ്ങൾ. ജനങ്ങൾക്ക് ഉപകാരപ്രദമായ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കാൻ വേണ്ടി നിയമനിർമാതാവ് നിശ്ചയിച്ചിട്ടുള്ള രീതികൾ. ഇത് ശരീഅത്ത് വിധികളുടെ പ്രത്യേകമായ ഭാഗങ്ങളിൽ മാത്രമാണ്, പൊതുവായിട്ടല്ല. ഉദാഹരണം വിവാഹബന്ധത്തിലൂടെ കുടുംബ വ്യവസ്ഥ നിലനിർത്തുക. ത്വലാഖ് നിയമമാക്കിയതിലൂടെ സ്ഥിരമായ പ്രയാസത്തെ ഇല്ലാതാക്കുക.

ഇസ്‌ലാമിക സമൂഹത്തിന്റെ പരിണതികൾ മുന്നിൽ കണ്ടുള്ള സമഗ്രവും നാഗരികവും ചരിത്രപരവുമായ വീക്ഷണത്തിലൂടെയാണ് അദ്ദേഹം തന്റെ നിലപാടുകൾ രൂപവൽക്കരിച്ചത്. അതു തന്നെയാണ് ഇസ്‌ലാമിക വിജ്ഞാനീയങ്ങളുടെ നിരൂപണത്തിനാവശ്യമായ ആശയങ്ങളുടെ ആവിഷ്കാരത്തിനും അദ്ദേഹം ഉപയോഗിച്ചത്.

ത്വാഹിറുബ്നു ആശൂർ നടത്തിയ നവോത്ഥാന പ്രവർത്തനങ്ങൾ ഏറ്റവും മികച്ചുനിൽക്കുന്നത് ഇസ്‌ലാമിക വൈജ്ഞാനിക മേഖലയിലാണ്. സിലബസ് പരിഷ്കരണത്തിലും ഇസ്‌ലാമിക വിജ്ഞാനീയങ്ങളിൽ കടന്നുകൂടിയ സ്ഖലിതങ്ങൾ തിരുത്തുന്നതിലുമെല്ലാം അദ്ദേഹത്തിന്റെ സംഭാവനകൾ കാണാൻ കഴിയും. പ്രത്യേകിച്ച് ഇൽമുൽ കലാം (ദൈവശാസ്ത്രം), ഖുർആൻ വ്യാഖ്യാനം, ഭാഷ, തർക്കശാസ്ത്രം, കർമശാസ്ത്രം, നിദാനശാസ്ത്രം തുടങ്ങിയ മേഖലകളിൽ. ഇതിലൂടെ ഇസ്‌ലാമിക വിജ്ഞാനീയങ്ങളെ കാലഘട്ടത്തിന്റെ മനോവ്യഥകളെ കൈകാര്യം ചെയ്യാൻ അദ്ദേഹം പ്രാപ്തമാക്കി. അതിലെല്ലാം അന്തർലീനമായി കിടന്നിരുന്ന മഖാസ്വിദീ ഉള്ളടക്കത്തെ അദ്ദേഹം സജീവമാക്കുകയും കാലഘട്ടത്തിന്റെ ആവശ്യങ്ങളോട് കണ്ണിചേർക്കുകയും ചെയ്തു. ചുരുക്കത്തിൽ, ഇസ്‌ലാമിക വിജ്ഞാനീയങ്ങളുടെ മഖാസ്വിദീവൽക്കരണമായിരുന്നു അത്. വൈജ്ഞാനിക പുരോഗതി നേടാനായതും അതിൽ ജൈവികതയെ പ്രസരിപ്പിക്കാനായതും സംഭവലോകവുമായി അതിനെ ബന്ധിപ്പിച്ചതുകൊണ്ടാണ്. കാരണം അദ്ദേഹത്തിന്റെ ഭാവനയും ചിന്തയും നിരൂപണങ്ങളും ശരീഅത്തിന്റെ മഖാസ്വിദുകളോട് യോജിക്കുന്നതായിരുന്നു. അതുകൊണ്ടുതന്നെ



*ത്വാഹിറുബ്നു ആശൂർ*

അദ്ദേഹത്തിന്റെ നവോത്ഥാന മാർഗത്തിലുള്ള പ്രവർത്തനങ്ങൾ രൂപം കൊണ്ടത് മഖാസ്വിദീ ചിന്തയിൽനിന്നായിരുന്നു.

ത്വാഹിർ ഇബ്നു ആശൂറിന്റെ മഖാസ്വിദീ ആവിഷ്കാരങ്ങൾ സമകാലിക ഇസ്‌ലാമിക പരിഷ്കരണ പ്രസ്ഥാനങ്ങളുമായി കണ്ണിചേർന്നിട്ടുണ്ട്. കാരണം സാമൂഹിക വ്യവസ്ഥ നിലകൊള്ളുന്ന അടിസ്ഥാനങ്ങൾ അദ്ദേഹമാണ് ആധുനിക കാലത്ത് അവതരിപ്പിച്ചത്. തന്റെ 'ഉസ്വൂലുന്നിളാമിൽ ഇജ്തിമാഈ ഫിൽ ഇസ്‌ലാം' എന്ന കൃതിയിലൂടെയാണ് അദ്ദേഹം പ്രകാശിപ്പിച്ചത്.

ആധുനിക ഇസ്‌ലാമിക സാമൂഹിക ശാസ്ത്രത്തിൽ പ്രസ്തുത കൃതി സാധിച്ച വിപ്ലവം വിവരണാതീതമാണ്. ഇസ്‌ലാമിക ലോകത്തിന്റെ നാല് ദിക്കുകളിലും അതിന്റെ സ്വാധീനം അതിശക്തമാണ്. ഇസ്‌ലാമിക സമൂഹത്തെ സേവിക്കുന്ന മഖാസ്വിദീ വിജ്ഞാനങ്ങളുടെ നവോത്ഥാന നായകനാണ് ശൈഖ് ത്വാഹിർ ഇബ്നു ആശൂർ എന്ന് നിസ്സംശയം പറയാം. അദ്ദേഹത്തിന് ദാർശനിക അടിത്തറ നൽകിയത് ഇമാം ശാത്വിബിയായിരുന്നു.

**ശൈഖ് അല്ലാലുൽ ഫാസി**

ആധുനിക പരിഷ്കരണ പ്രസ്ഥാനങ്ങൾക്ക് മഖാസ്വിദീ ഗവേഷണങ്ങളുടെ സ്വാധീനം ത്വാഹിർ ഇബ്നു ആശൂറിൽനിന്നു മാത്രമല്ല ലഭിച്ചത്. ആധുനികരായ മറ്റ് അനവധി മഖാസ്വിദീ പണ്ഡിതന്മാരും അതിൽ പങ്കു വഹിച്ചിട്ടുണ്ട്. അവരിൽ ഏറ്റവും പ്രധാന വ്യക്തിത്വം അല്ലാലുൽ ഫാസിയാണ്. അദ്ദേഹം ശരീഅത്തിന്റെ പൊതു ലക്ഷ്യങ്ങളെ ഭൂമിയുടെ പരിപാലനം, അതിൽ ജീവിത വ്യവസ്ഥയുടെ സംരക്ഷണം, അതിലെ പ്രതിനിധികളുടെ (മനുഷ്യർ) നീതിയിൽ അധിഷ്ഠിതമായ നിലനിൽപ്, ബുദ്ധിയുടെയും കർമങ്ങളുടെയും സംസ്കരണം, പരിഷ്കരണം, നന്മകൾ കൈവരുത്തുക എന്നിങ്ങനെയാണ് വിഭജിച്ചത്.

അദ്ദേഹം ശരീഅത്തിനെ നന്മയായും നന്മയെ ശരീഅത്തായും പരിഗണിച്ചു. ഈ യാഥാർഥ്യം ളാഹിരീ വിഭാഗം ഒഴിച്ച് മറ്റെല്ലാ പണ്ഡിതന്മാരും ഒരുപോലെ അംഗീകരിക്കുന്നുണ്ട്. 'മസ്‌ലഹ മുർസല' എന്ന തത്വം തന്നെ പണ്ഡിതന്മാർ അംഗീകരിച്ചത് ഇതിന്റെ അടിസ്ഥാനത്തിലാണ്. അങ്ങനെ ആധുനിക ഇസ്‌ലാമിക ചിന്തയിൽ മഖാസ്വിദീ ഗവേഷണങ്ങളുടെ വൃത്തം വികസിക്കാൻ തുടങ്ങി. മഖാസ്വി

ദീ ഗവേഷണത്തിന്റെ മേഖലകളിലേക്ക് ആളുകൾ കടന്നുവരുന്നതിന്റെ ഫലമായി അത് വികസിക്കാനും പുതിയ പുതിയ തലങ്ങളിലേക്ക് കടന്നുവരാനും തുടങ്ങി.

ശരീഅത്തിന്റെ മഖാസ്വിദുകൾ മനസ്സിലാക്കുന്നതിലൂടെയാണ് സമൂഹത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാനും ഇസ്‌ലാമിനെ കാലത്തിനും ലോകത്തിനും അനുയോജ്യമായി അവതരിപ്പിക്കാനും കഴിയുക.

ആധുനികരായ മഖാസ്വിദീ പണ്ഡിതന്മാരിൽ എടുത്തുപറയേണ്ട മറ്റൊരു പണ്ഡിതനാണ് അബ്ദുൽ മജീദ് നജ്ജാർ. അദ്ദേഹം മഖാസ്വിദീ ഗവേഷണത്തെ രണ്ട് രീതിയിൽ വിഭജിച്ചു: 1. വിഷയങ്ങൾ ഗ്രഹിക്കുന്നതിലെ ഇജ്തിഹാദ്. ഇതിലൂടെ അദ്ദേഹം ഇജ്തിഹാദിനെ ദാർശനികമായി അവതരിപ്പിച്ചു. 2. ആധുനിക സംഭവവികാസങ്ങൾക്കുള്ള പരിഹാരങ്ങൾ ഗവേഷണം ചെയ്തെടുക്കുക.

**ശൈഖ് അഹ്മദ് റൈസൂനി**

ഇന്ന് ജീവിച്ചിരിക്കുന്ന മഖാസ്വിദീ പണ്ഡിതന്മാരിൽ ഏറ്റവും മഹാനായ പണ്ഡിതനാണ് അഹ്മദ് റൈസൂനി. മഖാസ്വിദുശ്ശരീഅയിൽ അദ്ദേഹം നടത്തിയിട്ടുള്ള ഗവേഷണ പഠനങ്ങളും ഗ്രന്ഥങ്ങളും ക്ലാസുകളും അതിനുള്ള തെളിവാണ്. അദ്ദേഹത്തിന്റെ 'നള്രിയ്യതുൽ മഖാസ്വിദ് ഇൻദശ്ശാത്വിബി' എന്ന ഗ്രന്ഥം ശാത്വിബിയുടെ ചിന്തകൾക്ക് അദ്ദേഹത്തിലുള്ള സ്വാധീനം എടുത്തോതുന്നുണ്ട്.

മഖാസ്വിദുശ്ശരീഅയെ ആധുനിക രാഷ്ട്രീയ സാഹചര്യങ്ങളുമായി ബന്ധപ്പെടുത്തി അവതരിപ്പിച്ചു എന്നതാണ് അദ്ദേഹത്തെ മറ്റു പണ്ഡിതന്മാരിൽനിന്ന് വ്യതിരിക്തനാക്കുന്നത്. പ്രത്യേകിച്ച് അറബ് വിപ്ലവാനന്തരം ഉയർന്നുവന്ന ഇസ്‌ലാമിക രാഷ്ട്രീയത്തിൽ പുതിയ ഗവേഷണങ്ങൾ നടത്താൻ അദ്ദേഹത്തെ സഹായിച്ചത് മഖാസ്വിദീ ചിന്തകളായിരുന്നു. വിപ്ലവത്തിന്റെയും പ്രക്ഷോഭത്തിന്റെയും കർമശാസ്ത്രത്തെ മഖാസ്വിദുശ്ശരീഅയുടെ സഹായത്തോടെ അദ്ദേഹം അവതരിപ്പിച്ചു. 'ഫിഖ്ഹുസ്സൗറ', 'ഫിഖ്ഹുൽ ഇഹ്തിജാജ് വത്തഗ്‌യീർ' എന്നീ ഗ്രന്ഥങ്ങൾ അതിന്റെ തെളിവാണ്. അതുപോലെ അദ്ദേഹം നടത്തിയിട്ടുള്ള അനവധി ക്ലാസുകളും ചാനൽ പരിപാടികളും ഇത്തരം വിഷയങ്ങളിൽ ധാരാളം കാണാം. ഇമാം ശാത്വിബിയുടെയും ത്വാഹിർ ഇബ്നു ആശൂറിന്റെയും അല്ലാലുൽ ഫാസിയുടെയും ചിന്തകളാണ് അദ്ദേഹത്തിൽ ഏറ്റവും കൂടുതൽ സ്വാധീനം ചെലുത്തിയിട്ടുള്ളത്. അതിന് അദ്ദേഹത്തിന്റെ എഴുത്തുകളും സംസാരങ്ങളും സാക്ഷികളാണ്. മഖാസ്വിദുശ്ശരീഅയിൽ മാത്രമല്ല, നിദാനശാസ്ത്രത്തിലും അദ്ദേഹത്തിന് ധാരാളം ഗ്രന്ഥങ്ങളുണ്ട്. ചുരുക്കത്തിൽ, ആധുനിക ലോകത്ത് ഉയർന്നുവരുന്ന പ്രശ്നങ്ങളെ മഖാസ്വിദിന്റെ വീക്ഷണത്തിലൂടെ നോക്കിക്കാണാൻ ശ്രമിക്കുകയാണ് റൈസൂനി. അതുകൊണ്ടുതന്നെ അദ്ദേഹത്തിന്റെ ചിന്തകൾക്ക് ഇന്ന് ലോകത്ത് വിപുലമായ സ്വീകാര്യത ലഭിക്കുന്നുണ്ട്. ●

---


1. محمّد بن نصر - المقاصد الشرعية بين حيوية الفكرة و محدودية الفعالية مجلّة اسلامية المعرفة ع 49 ص 56
2. ابن رشد - المقدمات - 132/1
3. ابن رشد - البيان والتحصيل - 282/1
4. احمد الريسوني - نظرية المقاصد عند الشاطبي - ص 36
5. سيرأعلام النبلاء - لذهبي - 468/18
6. مدارج السالكين 75/2
7. سير أعلام النبلاء - 471/18
8. قوعد المقاصد من الإحياء - 139/1
9. الموافقات - 262/2
10. تميم الحلواني - الإمام الشاطبى والخصائص العامة لفكره . (مجلة دار الحديث الحسنية 134 - ص - 256)
11. احمد الطيب - نظرية المقاصد - مجلّة المسلم المعاصرع 103- - ص 15)
12. نظرية المقاصد - ص - 194)
13. سعد آل. عصر الإمام الشاطبي - مجلة الموافقات 4-1- ص- 99)
14. معتزّ الخطيب - الوظيفة المقاصدية مجلة اسلامية المعرفة 484- ص27-)
15. محمد فضل بن عاشور - الحركة الأدبية والفكرية فى تونس - ص- 83)
16. ابن عاشور - ص 22)
17. مقاصد الشريعة الإسلامية - ص - 150)
18. عبد المجيد النجار - فصول والفكر الإسلامي بالمغرب - ص - 143)
19. مقاصد الشريعة - ص - 63)
20. مقاصد الشريعة - ص - 145)
21. ابراهيم محمد زين - مراجعة كتاب مقاصد الشريعة الإسلامية 23-4- ص130
22. مقاصد الشريعة ومكارمها - ص - 46-45)
23. فقد التدين فهما وتنزيلًا - كتاب الأمّة - 4 - 22 - 96/2)